**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2599** **07.10.2016 ൽ മറുപടിയ്ക്ക്**

## ബസുകളുടെ ഫിറ്റ്നസ് പരിശോധന

| ചോദ്യം<br>ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് യാത്രാ ബസുകളുടെ ഫിറ്റ്നസ് പരിശോധന നടത്താറുണ്ടോ; ഇതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പുതിയ വാഹനങ്ങൾക്ക് ആദ്യം രണ്ട് വർഷത്തേക്കും തുടർന്ന് ഓരോ വർഷത്തേക്കുമാണ് ഫിറ്റ്നസ് കാലാവധി നൽകുന്നത്. കാലാവധി തീരുന്ന മുറയ്ക്ക് വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കേണ്ടതാണ്. ഓരോ പ്രാവശ്യവും വാഹനം ഫിറ്റ്നസ്സിനായി ഹാജരാക്കുമ്പോൾ വിശദമായ മെക്കാനിക്കൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ വാഹനത്തിന് ഫിറ്റ്നസ് നൽകാറുള്ളൂ. |
| (ബി) | നിലവിലുള്ള ചട്ടപ്രകാരം എത്രവർഷം വരെ പഴക്കമുള്ള ബസുകൾക്കാണ് ഫിറ്റ്നസ് പരിശോധന നടത്തി റോഡിൽ ഓടിക്കാൻ അനുവാദം നൽകുന്നത്; | (ബി) | നിലവിൽ 15 വർഷം വരെ പഴക്കമുള്ള ബസുകളെ മാത്രമേ സർവ്വീസ് നടത്താൻ അനുവദിക്കുന്നുള്ളൂ. |
| (സി) | സ്കൂൾ ബസുകൾക്ക് പഴക്കത്തിൽ എന്തെങ്കിലും ഇളവുകൾ ബാധകമാണോ; എങ്കിൽ ഏതു ചട്ടപ്രകാരമെന്ന് വ്യക്തമാക്കാമോ; | (സി) | സ്കൂൾ ബസുകൾക്ക് പഴക്കം നിശ്ചയിച്ചിട്ടില്ല. |
| (ഡി) | റൂട്ട് ബസുകളായി ഓടിക്കാൻ സാധിക്കാത്ത ബസുകൾ സ്കൂൾ ബസുകളായി പരിണമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരത്തിൽ പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം അപകടസാധ്യത വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതിനു നിയന്ത്രണമേർപ്പെടുത്തുമോ? | (ഇ) | ഇത്തരത്തിലുള്ള വാഹനങ്ങൾ കർശനമായ മെക്കാനിക്കൽ പരിശോധന ഓരോ വർഷവും നടത്തിയാണ് സർവ്വീസിന് അനുവദിക്കുന്നത്. കാലപ്പഴക്കമുള്ള വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കേണ്ടതാണെങ്കിലും ഇതിനുള്ള നിയമനിർമ്മാണം കേന്ദ്ര സർക്കാർ തലത്തിൽ നടത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ